**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ (KEAM-2019) അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യുന്നതിനും അപേക്ഷയുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനുമുള്ള അവസരം

2019 മെയ് 2, 3 തീയതികളിൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും മുംബയ്, ഡൽഹി, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്/ ഫാർമസി പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കുള്ള **അഡ്മിറ്റ് കാർഡുകൾ 2019 ഏപ്രിൽ 16–ാം തീയതി മുതൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2019 Candidate Portal'** എന്ന ലിങ്ക് വഴി ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപേക്ഷകർ അവരുടെ അപേക്ഷാ നമ്പരും, പാസ്വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Admit Card'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അഡ്മിറ്റ് കാർഡുകൾ പരീക്ഷാഹാളിൽ പരിശോധന യ്ക്കായി ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ ഇല്ലാത്ത വിദ്യാർത്ഥികളെ യാതൊരു കാരണ വശാലും പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് അഭികാമ്യമാണ്. മെഡിക്കൽ / ആർക്കിടെക്ച്ചർ കോഴ്സുകൾക്ക് മാത്ര മായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് അഡ്മിറ്റ് കാർഡ് ലഭ്യമല്ല. എന്നാൽ അവർക്ക് പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്.

സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ ഉള്ള അപേക്ഷകർ പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ അപ്ലോഡ് ചെയ്ത ഫോട്ടോഗ്രാഫ്, ഒപ്പ്, എന്നിവയിൽ അപാകമുള്ള അപേക്ഷകരുടെയും, അപേക്ഷാ ഫീസിന്റെ ബാക്കി തുക ഒടുക്കാനുള്ളവരുടെയും അഡ്മിറ്റ് കാർഡ് ലഭ്യമാക്കിയിട്ടില്ല. അപേക്ഷാ ഫീസ്, ദുബായ് സെന്റർ ഫീസ് എന്നിവയുടെ ബാക്കി തുക അടയ്ക്കാനുള്ള അപേക്ഷകർ ഈ തുക ഓൺലൈനായി അടയ്ക്കുന്ന മുറയ്ക്ക് അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നതാണ്. മറ്റുള്ളവർ ന്യൂനതകൾ ഇല്ലാത്ത ഫോട്ടോഗ്രാഫ്, ഒപ്പ്, എന്നിവ **2019 ഏപ്രിൽ 25–ാം തീയതി വൈകുന്നേരം 5 മണിക്കുള്ളിൽ** അതത് ലിങ്ക് വഴി അപ്ലോഡ് ചെയ്ത് അപാകങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

ഓൺലൈൻ അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ സമർപ്പിച്ചതിൽ ന്യൂനതകൾ ഉള്ളവർ അവ പരിഹരിക്കുന്നതിനുള്ള ബന്ധപ്പെട്ട രേഖകൾ **2019 മെയ് 10–ാം തീയതി വൈകുന്നേരം 5 മണി യ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺ ലൈനായി സമർപ്പിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ഫാക്സ്/ ഇ-മെയിൽ മുഖാന്തിരമോ തപാൽ/ നേരിട്ടോ അയച്ചുതരുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

**അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ അപേക്ഷയിൽ നൽകിയിട്ടുള്ള വ്യക്തിഗത വിവര ങ്ങൾ, സംവരണം/ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ദൃശ്യമാകുന്നതാണ്. അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ ദൃശ്യമായ വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ളവർ ആയതിന്റെ വിശദാംശം 2019 ഏപ്രിൽ 25 വൈകുന്നേരം 5 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5–ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്ത പുരം എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. അനുബന്ധ രേഖ കളോ സർട്ടിഫിക്കറ്റുകളോ അയക്കാൻ പാടുള്ളതല്ല.**

**അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരുടെ 'Candidate Portal' ൽ നൽകിയിട്ടുള്ള 'Forgot Application Number'** എന്ന ലിങ്കിൽ നിന്ന് പേരും മൊബൈൽ നമ്പരും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471-2332123,2339101, 2339102, 2339103, 2339104.**

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
16.04.2019